കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എസ്.ജി.ആർ.വൈ പദ്ധതി 2003-2004 -മാടാടിയിൽ താഴെ കുനിയിൽ വരെ ഫുട്പാത്ത് നിർമ്മാണം (പ്രോജക്ട് നം.233/04) - ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ.കണ്ണങ്കോട്ട് സുകുമാരൻ മുൻകൂർ കൈപ്പറ്റിയ തുകയിൽ ശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം./3554/2017/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 03/11/2017

പരാമർശം:- ശ്രീ,കണ്ണങ്കോട്ട് സുകുമാരൻ, വണ്ണാന്റവിട,പുല്ലൂക്കര പി.ഓ. , തലശ്ശേരി സമർപ്പിച്ച അപേക്ഷ

ഉത്തരവ്

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2003-04 വർഷം സംപൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന(SGRY) പദ്ധതിപ്രകാരം പെരിങ്ങളം ഗ്രമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച 'മൊടാടിയിൽ താഴെ കുനിയിൽ ഫുട്പാത്ത് നിർമ്മാണം' എന്ന പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീ. കണ്ണങ്കോട്ട് സുകുമാരൻ, പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി 29/10/2004-ന് എഗ്രിമെന്റ് വയ്ക്കുകയും പദ്ധതി മാർഗരേഖപ്രകാരം 2/11/2004 -ന് 69,000/- രൂപ അഡ്വാൻസും 90 ക്വിന്റൽ ഭക്ഷ്യധാന്യവും കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ എഗ്രിമന്റ് വച്ച് 3 വർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാത്തതിനാൽ ജില്ലാപഞ്ചായത്ത് പ്രവൃത്തി റദ്ദ് ചെയ്യുകയും ടിയാൻ കൈപ്പറ്റിയ 69,000/-രൂപയും 90 ക്വിന്റൽ ഭക്ഷ്യധാന്യത്തിന്റെ, അന്നത്തെ മാർക്കറ്റ് വിലയായ 1,39,050/- രൂപയും കൂടി ചേർത്ത് ആകെ 2,08,050/- രൂപ തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. തുക തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് പിന്നീട് റവന്യൂറിക്കവറി നടപടി ആരംഭിക്കുകയും 1,18,885/- രൂപ തിരികെ ടിയാനിൽ നിന്ന് ഈടാക്കുകയും ചെയ്തു. തന്റെ ഗുരുതരമായ രോഗാവസ്ഥയും സാമ്പത്തിക ബുദ്ധിമുട്ടുകളും പരിഗണിച്ച് ശേഷിക്കുന്ന തുകയായ 89,165/-രൂപ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്നു പരാമർശപ്രകാരം ശ്രീ.കണ്ണങ്കോട്ട് സുകുമാരൻ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഹൃദയ സംബന്ധവും കാഴ്ച സംബന്ധവുമായ അസുഖങ്ങൾക്ക് ശ്രീ.കണ്ണങ്കോട്ട് സുകുമാരൻ ദീർഘകാലമായി ചികിത്സയിലാണെന്നും സാമ്പത്തികാവസ്ഥ മേൽപറഞ്ഞ കുടിശ്ശിക ഒടുക്കാൻ കഴിയുന്ന വിധത്തിലല്ലെന്നും ബോധ്യപ്പെട്ടതിനാൽ മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച് SGRY പദ്ധതിപ്രകാരം പെരിങ്ങളം ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച 'മൊടാടിയിൽ താഴെ കുനിയിൽ ഫുട്പാത്ത് നിർമ്മാണം' എന്ന പദ്ധതിയുടെ മുൻകൂർ കൈപ്പറ്റിയ തുകയിൽ ശേഷിക്കുന്ന തുകയായ 89,165/- രൂപ തിരിച്ചടയ്ക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ ഡി

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കണ്ണൂർ

ശ്രീ. കണ്ണങ്കോട്ട് സുകുമാരൻ, വണ്ണാന്റവിട, പുല്ലൂക്കര പി.ഓ. തലശ്ശേരി.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ട്രഷറി ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by Shibu T R
Date: 2017.11.04 [illegible]5:17 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്